## പതിനാലാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3968 — 12.12.2018 ൽ മറുപടിക്ക്

### കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റിയ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലെ സേവനങ്ങൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.കെ. ദാസൻ | | കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി) | |
| (എ) | ആർദ്രം മിഷന്റെ ഭാഗമായി പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റുകവഴി കുടുംബത്തിന് ഒരു ഡോക്ടർ എന്ന ആശയം പ്രായോഗികമാക്കുന്നതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (എ) | ഒരു കുടുംബത്തിലെ എല്ലാപേർക്കും സമഗ്ര പ്രാഥമികാരോഗ്യ പരിചരണം ലഭ്യമാക്കാനാണ് കുടുംബാരോഗ്യ കേന്ദ്രങ്ങൾ വഴി ലക്ഷ്യമിടുന്നത്. ആരോഗ്യ വർദ്ധക പ്രവർത്തനങ്ങൾ, രോഗപ്രതിരോധം, പ്രാഥമിക ചികിത്സ, റിഹാബിലിറ്റേഷൻ, പാലിയേറ്റീവ് പരിചരണം തുടങ്ങിയവയെല്ലാം അടങ്ങുന്നതാണ് സമഗ്ര പ്രാഥമിക ആരോഗ്യ പരിചരണം. കേരളത്തിൽ ഇന്നിപ്പോൾ വലിയ ആരോഗ്യ പ്രശ്നമായി മാറിയ പ്രമേഹം, രക്തസമ്മർദ്ദം തുടങ്ങിയ ജീവിത ശൈലീ രോഗങ്ങൾ, മാനസികാരോഗ്യ പ്രശ്നം തുടങ്ങിയവയെ നേരിടാനുള്ള പ്രവർത്തനങ്ങൾക്ക്, മാതൃശിശു ആരോഗ്യ പരിചരണത്തോടും പകർച്ച വ്യാധി നിയന്ത്രണത്തോടുമൊപ്പം കൂടുതൽ പ്രാധാന്യം നൽകുന്നു. ഇതിന്റെ ഭാഗമായി ജീവിതശൈലീ രോഗങ്ങൾക്കുള്ള എൻ.സി.ഡി.ക്ലിനിക്കുകൾ ആസ്മ/ശ്വാസംമുട്ടലിനുള്ള 'ശ്വാസ്' ക്ലിനിക്കുകൾ, മാനസികാരോഗ്യ പരിചരണത്തിനുള്ള 'ആശ്വാസ്' ക്ലിനിക്കുകൾ എന്നിവയും ആരംഭിച്ച് വരുന്നു. ഫീൽഡ്തല ആരോഗ്യ പ്രവർത്തനങ്ങൾ ആശ, ആരോഗ്യസേന, അംഗൻവാടി പ്രവർത്തകർ, കുടുംബശ്രീ വളണ്ടിയർ എന്നിവരടങ്ങുന്ന സന്നദ്ധ ആരോഗ്യ പ്രവർത്തകർ വഴിയും ഫലപ്രദമായ ഫീൽഡ്തല പ്രവർത്തനങ്ങളും ഇതിന്റെ ഭാഗമായി നടപ്പിലാക്കി വരുന്നു. |
| (ബി) | കുടുംബാരോഗ്യ കേന്ദ്രങ്ങളായി മാറ്റിയവയിൽ ഒ.പി. സമയത്തിൽ വന്ന മാറ്റത്തിന് അനുസൃതമായി പരിശോധനയും അനുബന്ധ സേവനങ്ങളും കാര്യക്ഷമമായി നടക്കാത്ത | (ബി) | ആർദ്രം മിഷൻ നടപ്പിലാക്കുന്നതിനായി നോഡൽ ഓഫീസർമാരെയും അസിസ്റ്റന്റ് നോഡൽ ഓഫീസർമാരെയും തെരഞ്ഞെടുത്ത് ഇതിനായി നിയോഗിച്ചിട്ടുണ്ട്. അതാത് മാസം തോറും ആശുപത്രികളിലെ പ്രവർത്തനങ്ങൾ വിലയിരുത്തി |

| | | | |
|---|---|---|---|
| | കേന്ദ്രങ്ങളിൽ എന്തെല്ലാം ഇടപെടലുകളാണ് കൈക്കൊള്ളുന്നതെന്ന് വ്യക്തമാക്കാമോ: | | പരിഹാര നടപടികൾ ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ സ്വീകരിച്ചു വരുന്നു. ജില്ലാ സംസ്ഥാനതല ഉദ്യോഗസ്ഥർ സ്ഥാപനങ്ങൾ സന്ദർശിച്ച് പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നു. |
| (സി) | ഇത്തരം കേന്ദ്രങ്ങളിൽ മതിയായ എണ്ണം ഡോക്ടർമാർ, നഴ്സുമാർ, പാരാമെഡിക്കൽ സ്റ്റാഫ് എന്നിവരെ ലഭ്യമാക്കാൻ കൈക്കൊണ്ട നടപടികൾ വിശദമാക്കാമോ; | (സി) | ആർദ്രം പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ തെരെഞ്ഞെടുത്ത 170 കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ ഒരു ഡോക്ടർ, രണ്ട് സ്റ്റാഫ് നഴ്സ്, ഒരു ലാബ് ടെക്നീഷ്യൻ എന്ന അടിസ്ഥാനത്തിൽ തസ്തിക സൃഷ്ടിച്ചിട്ടുണ്ട്. ഒ.പി.കൂടുതലുള്ള സ്ഥലങ്ങളിൽ 150 ഫാർമസിസ്റ്റ് തസ്തിക സൃഷ്ടിച്ചു നൽകിയിട്ടുണ്ട്. ഇതു കൂടാതെ ഗ്രാമപഞ്ചായത്തുകൾ വഴി ഒരു ഡോക്ടറേയും ഒരു പാരാമെഡിക്കൽ സ്റ്റാഫിനേയും താത്കാലികമായി നൽകുന്നതിന് തദ്ദേശ സ്വയംഭരണ വകുപ്പ് വഴിയും നടപടി സ്വീകരിച്ചു വരുന്നു. |
| (ഡി) | മരുന്നുകളുടെ ലഭ്യത, ഡോക്ടർമാർ, നഴ്സുമാർ മറ്റ് ജീവനക്കാർ എന്നിവരുടെ സേവനം ലഭ്യമാക്കൽ, സംതൃപ്തമായ രോഗീപരിചരണം മുതലായ കാര്യങ്ങൾ നിരീക്ഷിക്കുന്നതിനും തൽസമയ പരിഹാരം കണ്ടെത്താനും വകുപ്പ് തലത്തിൽ ജില്ലാ/താലൂക്ക് അടിസ്ഥാനത്തിൽ എന്തെല്ലാം ക്രമീകരണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെന്ന് വിശദമാക്കാമോ? | (ഡി) | ജില്ലാ മെഡിക്കൽ ഓഫീസർതലത്തിൽ ജില്ലാതല അവലോകനം നടത്തി സ്ഥിതിഗതികൾ വിലയിരുത്തി അപര്യാപ്തതകൾ പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ